1510
25/11/17

# കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ചന്ദന വെള്ള ചിപ്സിനെ ചന്ദന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി ഫോറസ്റ്റ് കോഡ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(എം.എസ്) നം. 51/2016/വനം. തീയതി,തിരുവനന്തപുരം, 31.12.2016.

---

പരാമർശം:1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ്&റിസോഴ്സസ്)-ന്റെ 30/01/2016 തിയതിയിലെ പ്രൊ (5) 4633/16 നമ്പർ കത്ത്.

2) 26.04.2013-ലെ സ.ഉ.(എം.എസ്) നം 47/2013/വനം.

## ഉത്തരവ്

കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI ലെ ഖണ്ഡിക 28 പ്രകാരം ചന്ദന തടിയെ 13 ആയി തരം തിരിച്ചിട്ടുണ്ട്. പരാമർശം 2 ലെ ഉത്തരവു പ്രകാരം സാന്റൽ ബില്ലറ്റ് കൂടി കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI ലെ നിലനില്പുള്ള ചന്ദന ക്ലാസിഫിക്കേഷനൊപ്പം 14-ാംമതായി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. ഫോറസ്റ്റ് കോഡ് പ്രകാരം നിലവിൽ ചന്ദന വെള്ള ചിപ്സ് നശിപ്പിച്ചുകളയുകയാണ് ചെയ്യുന്നത്. എന്നാൽ ഔഷധി ഉൾപ്പെടെ ധാരാളം ആയുർവേദവും മറ്റ് സ്ഥാപനങ്ങളും സർക്കാരിന്റെ മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും ചന്ദന വെള്ള ചിപ്സിന്റെ ലഭ്യത അന്വേഷിക്കുന്നു എന്നും ആയതിനാൽ ചന്ദന വെള്ള ചിപ്സ് കൂടി ചന്ദന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തുമ്പോൾ ആയത് ഇ-ലേലത്തിൽ ഉൾപ്പെടുത്താനാകുകയും അതുവഴി സ്വകാര്യ സംരംഭകർക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കാനാകുകയും ചന്ദന വെള്ള ചിപ്സ് ഡിപ്പോയിൽ കിടന്ന് നശിക്കുന്ന സാഹചര്യം ഒഴിവാക്കാവുന്നതുമാണ്. ആയതിനാൽ കേരള ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം VI- ലെ ഖണ്ഡിക 28-ൽ 15-ാമതായി ചന്ദന വെള്ള ചിപ്സിനെ കൂടി ചന്ദന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശിത കത്തു പ്രകാരം അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ്&റിസോഴ്സസ്) ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കേരള ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം VI ലെ ഖണ്ഡിക 28-ൽ 15ാമതായി ചന്ദന വെള്ള ചിപ്സിനെ കൂടി ഉൾപ്പെടുത്തി ഫോറസ്റ്റ് കോഡ് വാല്യം III ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**ഗിരിജ കുമാരി. ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ്&റിസോഴ്സസ്) തിരുവനന്തപുരം.
നിയമ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം. 11653/ഒപ്പീനിയൻ-ഡി2/16/നിയമം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും (പി.സി.എഫ്& എച്ച്.ഒ.ഒ.എഫ് മുഖേന)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

അംഗീകാരത്തോടെ
VKBeena
സെക്ഷൻ ഓഫീസർ